# വേരോടെ തുരത്താം, നിമ വിരയെ

Malayala Manorama-29/05/2018\P-18



വാഴക്കൃഷിയുടെ പ്രധാന ശത്രുവായി നിമ വിരകൾ മാറുന്നു.

നിമ വിരകളെ നേരിട്ടു കാണാൻ കഴിയില്ല. അതുകൊണ്ടു തന്നെ ഇതിന്റെ ആക്രമണം പലപ്പോഴും തിരിച്ചറിയാറുമില്ല. വാഴകൾ മുരടിച്ചു നിൽക്കുന്ന ലക്ഷണം കണ്ട് വളക്കുറവോ, രോഗകീട ബാധയോ എന്നാവും കരുതുക. അതിനാൽ ശരിയായ നിയന്ത്രണ മാർഗങ്ങൾ കിട്ടാതെ വാഴകൾ പൂർണമായും നശിക്കുകയും ചെയ്യും. നിമ വിരകൾ വേരുകളെയും കന്നുകളെയുമാണ് ആക്രമിക്കുക.

വേരു ബന്ധക, വേരു തുരപ്പൻ, വേരു ചീയൽ എന്നീ മൂന്നു നിമകളെയാണ് കാർഷിക സർവകലാശാലയുടെ കണ്ണാറ വാഴ ഗവേഷണകേന്ദ്രത്തിലെ കീടശാസ്ത്ര വിഭാഗത്തിലെ ഡോ. ഗവ്വാസ് രാഗേഷിന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയത്. നിയന്ത്രണ മാർഗങ്ങൾ

- ശീമക്കൊന്നയില, കമ്യൂണിസ്റ്റ് പച്ച എന്നിവ അടിവളമായും ഇടയ്ക്കിടയ്ക്ക് മണ്ണടുപ്പിക്കൽ നടത്തുമ്പോഴും ഇട്ടുകൊടുക്കുക.
- മിത്ര കുമിൾ കൾച്ചറായ പേസിലോ മൈസസ് ലൈലാസിനസ് 20 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ കലക്കി ഇടയ്ക്കിടയ്ക്ക് വാഴച്ചുവട്ടിൽ ഒഴിക്കുക.
- ആവർത്തനക്കൃഷി, കുറ്റിവിളക്കൃഷി ഒഴിവാക്കുക.
- വാഴക്കന്നുകൾ നന്നായി ചെത്തിയൊരുക്കി ചാണകപ്പാലിൽ മുക്കി ഉണക്കി നടുക.
- മിത്ര കുമിളായ പേസിലോ മൈസെസ് ലൈലാസിനസും സ്യൂഡോമൊണാസ് ഫ്ലൂറിസെൻസും 12.5 ഗ്രാം വീതം കൂട്ടിയോജിപ്പിച്ച് ഒരു ലീറ്റർ വെള്ളത്തിൽ കലക്കി ഇടയ്ക്കിടെ ചുവട്ടിൽ ഒഴിച്ചുകൊടുക്കുക.

ഫോൺ: ഡോ. ഗവാസ് രാകേഷ്: 9495756549.